കേരള സാഹിത്യ അക്കാദമി
തൃശൂർ
02.02.2018

<u>പത്രക്കുറിപ്പ്</u>

ദേശീയപുസ്തകോത്സവം : കലാസാഹിത്യമത്സരങ്ങൾ തുടങ്ങി

# കവിത വെറും കരവിരുതാവരുത്, കലയാവണം

# കെ.വി.രാമകൃഷ്ണൻ

തൃശൂർ : കവിതയെഴുത്തും കഥാരചനയുമെല്ലാം വെറും കരവിരുതാകരുതെന്നും കലയാകണമെന്നും പ്രമുഖ കവി കെ.വി.രാമകൃഷ്ണൻ പറഞ്ഞു. കുട്ടികളെ പുസ്തകങ്ങളോടും വായനയോടും അടുപ്പിക്കുന്നതാകണം വിദ്യാഭ്യാസം. വ്യക്തിയുടേയും സമൂഹത്തിന്റേയും വളർച്ചക്ക് അത് അനിവാര്യമാണ്. പുസ്തകോത്സവങ്ങൾ അതിന് ഏറെ പ്രയോജനപ്പെടുമെന്നും അദ്ദേഹം പറഞ്ഞു.

കേരള സാഹിത്യ അക്കാദമി ദേശീയപുസ്തകോത്സവത്തോടനുബന്ധിച്ച് നടത്തുന്ന കലാസാഹിത്യമത്സരങ്ങൾ ഉദ്ഘാടനം ചെയ്ത് സംസാരിക്കുകയായിരുന്നു അദ്ദേഹം.

പി.കെ.ഭരതൻ അധ്യക്ഷത വഹിച്ചു. കപടമായ നിർവികാരതയിലേക്ക് മലയാളി അതിവേഗം മാറിക്കൊണ്ടിരിക്കുകയാണെന്ന് അദ്ദേഹം പറഞ്ഞു. കൺമുന്നിൽവെച്ച് ഒരാളെ ആക്രമിക്കുമ്പോഴും അടിച്ചു കൊല്ലുമ്പോഴും നിർവികാരതയോടെ നോക്കിനിൽക്കാൻ ആളുകൾക്ക് കഴിയുന്ന സംഭവങ്ങളാണ് കഴിഞ്ഞ ദിവസം നമുക്ക് ചുറ്റുമുണ്ടായത്. കലയും സാഹിത്യവുമെല്ലാം വലിയ പ്രതിരോധ ആയുധങ്ങളായി മാറേണ്ടതുണ്ടെന്നും അദ്ദേഹം പറഞ്ഞു.

കടാങ്കോട് പ്രഭാകരൻ, കെ.എസ്.സുനിൽകുമാർ എന്നിവരും സംസാരിച്ചു. തുടർന്ന് ലളിതഗാന മത്സരം നടന്നു.

ഇസ്ലാം ഇന്റർനാഷനൽ പബ്ലിക്കേഷൻസ് ഓഫ് കേരളയുടെ സ്ത്രീ ഇസ്ലാമിൽ, മൈത്രീസന്ദേശം, ആഗോളപ്രതിസന്ധിയും സമാധാനത്തിലേക്കുള്ള പാതയും എന്നീ പുസ്തകങ്ങൾ എ.എം.മുഹമ്മദ് സലീം പ്രകാശനം ചെയ്തു. ഫോക്‌ലോർ അക്കാദമി മുൻ ചെയർമാൻ പ്രൊഫ.ബി.മുഹമ്മദ് അഹമ്മദ് പുസ്തകങ്ങൾ സ്വീകരിച്ചു. എം.താജുദ്ദീൻ അധ്യക്ഷനായി. സി.ഷമീം അഹമ്മദ്, ഫാഹിൻ എം. എന്നിവർ സംസാരിച്ചു.

ഡോ.കെ.പി.മോഹനൻ
സെക്രട്ടറി

# ഇന്നത്തെ പരിപാടി 03.02.2018

തൃശൂർ : കേരള സാഹിത്യ അക്കാദമി ദേശീയ പുസ്തകോത്സവത്തിന്റെയും എഴുത്തരങ്ങ് സാംസ്കാരികോത്സവത്തിന്റെയും ഭാഗമായി അക്കാദമി അങ്കണത്തിൽ രാവിലെ 10ന് കവിതാലാപാനമത്സരം, 10.30നും 3നും പുസ്തകപ്രകാശനം, 4.30ന് സെമിനാർ : സിനിമയും സംസ്കാരവും, അധ്യക്ഷത : വിധു വിൻസെന്റ്, ഉദ്ഘാടനം : ജോൺപോൾ, 6.30ന് നാടകം : തനിയെ, 7ന് മെഹ്ഫിൽ-ഗസൽ-സൂഫി സംഗീതം. ഹുസൈൻ അലി സെയ്ദും സംഘവും.